**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 585**

**09/02/2016 ൽ മറുപടിയ്ക്ക്**

## പട്ടുനൂൽ വ്യവസായം

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ വർഷം സെറിഫെഡ് മുഖേന പട്ടുനൂൽ വ്യവസായം വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യ & മായിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ; | (എ) (ബി) സെറീഫെഡിന് കീഴിൽ പോസ്റ്റ് കൊക്കൂൺ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ സർക്കാർ GO(Ms)No.109/2015/ID dated 5/8/2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഖാദി ബോർഡിനു കീഴിലുള്ള പട്ടണക്കാട്, ഉദ്ദമ എന്നിവിടങ്ങളിലെ സെറീകൾച്ചർ കോംപ്ലക്സുകൾ സെറീഫെഡിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇത് കൂടാതെ കൊല്ലം ജില്ലയിലെ ഇളമാട്ടുള്ള സെറീകൾച്ചർ കോംപ്ലക്സ് നിലവിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കൈവശമാണ്. ആയത് സെറീഫഡിന് തിരികെ നൽകുവാനുള്ള ചർച്ചകൾ കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. സെറികൾച്ചർ കോംപ്ലക്സുകളുടെ കൈമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് സെറീഫെഡിന്റെ പ്രവർത്തനം കേന്ദ്രസർക്കാരിന്റേയും സെൻട്രൽ സിൽക്ക് ബോർഡിന്റേയും സഹായത്തോടെ പുനരാരംഭിക്കുവൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പട്ടുനൂൽ കൃഷി പ്രോത്സാഹനത്തിനായി ബജറ്റിൽ നീക്കി വച്ച തുക ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; | (സി) പട്ടുനൂൽ കൃഷിയ്ക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ഫണ്ട് വിഹിതം ലഭ്യമാക്കിയിട്ടില്ല. 2015 - 16 ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ ഇത് മൂലം ഈ രംഗത്ത് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പട്ടുനൂൽ കൃഷിവികസന പദ്ധതിയ്ക്ക് കാര്യമായ പുരോഗതി ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 50 മെട്രിക് ടൺ കൊക്കൂൺ ഉല്പാദിപ്പിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഡിസംബർ മാസം വരെ 60.4 മെട്രിക് ടൺ കൊക്കൂൺ ഉല്പാദനം നടത്തിയിട്ടുണ്ട്. ഈ വർഷം ഉല്പാദനം 70 മെട്രിക് ടൺ ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ